ഉത്തരം

(എ,ബി) സംസ്ഥാനത്തെ ഏലം കൃഷിക്കാരുടെ കൈവശഭൂമിയിലുള്ള കുത്തകപ്പാട്ട അവകാശം 20 വർഷത്തേക്ക് നീട്ടിക്കൊണ്ട് 15-5-1985-ൽ റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

തടിയറുപ്പ് മില്ലുകൾ അനുവദിക്കുന്നതിന്റെ നിബന്ധന

436. [625] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനപ്രദേശത്തിന് സമീപം തടിയറുപ്പ് മില്ലുകൾ അനുവദിക്കുവാൻ പാടില്ലായെന്ന് നിബന്ധനകൾ ഉണ്ടോ ;

(ബി) ആയതിന് ദൂരപരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) വനപ്രദേശത്തിനടുത്ത് പ്രവർത്തിക്കുന്ന മില്ലുകൾ മുഖേന വൻതോതിൽ തടിമോഷണവും കള്ളക്കടത്തും നടക്കുന്നുവെന്ന കാര്യം ഗവൺമെന്റിന് അറിയാമോ ;

(ഡി) പത്തനംതിട്ട ജില്ലയുടെ കിഴക്കൻ മേഖലയിൽ വനത്തിനു സമീപം മില്ലുകൾ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വനത്തിൽനിന്നും എന്ത് ദൂരത്തിൽ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇക്കാര്യത്തിൽ ചില നിബന്ധനകൾ ഉണ്ട്.

(ബി) 18-6-1982-ലെ സർക്കാർ ഉത്തരവ് പ്രകാരം വനത്തിന് സമീപം 5 കിലോമീറ്റർ ചുറ്റളവിൽ മില്ലുകൾ സ്ഥാപിക്കുവാൻ അനുവാദം നൽകുവാൻ പാടില്ലായെന്ന് വ്യവസ്ഥയുണ്ട്. 10 കിലോമീറ്റർ ചുറ്റളവിൽ എസ്. എസ്. ഐ. രജിസ്ട്രേഷൻ ആവശ്യമുള്ള മില്ലുകൾ അനുവദിക്കുന്നതിനുമുമ്പ് വ്യവസായ വകുപ്പ് ബന്ധപ്പെട്ട ഡി. എഫ്. ഒ. യുമായി ആലോചിക്കേണ്ടതുമാണ്.

(സി) പരാതികളുണ്ട്.

(ഡി) വടശ്ശേരിക്കര, റാന്നി തുടങ്ങിയ സ്ഥലങ്ങളിൽ ലൈസൻസുകൾ വാങ്ങി മില്ലുകൾ പ്രവർത്തിക്കുന്നു. ഇത് റിസർവ് വനത്തിൽ നിന്നും 5 കിലോമീറ്റർ വെളിയിലാണ്. ഇതുകൂടാതെ റയിൽവേ സ്ലീപ്പറുകൾ ഉണ്ടാക്കാനായി വനത്തിനുള്ളിൽ ഒരു തടിയറുപ്പ് മില്ലിന് അനുവാദം നൽകിയിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

II ശ്രദ്ധക്ഷണിക്കൽ

(1) പൊൻമുടി ടീ എസ്റ്റേറ്റിലെ തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : സർ, പൊൻമുടിയിലെ തേയിലത്തോട്ടത്തിന്റെ കാര്യം ഏഴാം കേരള നിയമസഭയിൽ അഞ്ചാമത്തെ തവണയാണ് ഞാൻ ഉന്നയിക്കുന്നത്. ഇതിനെ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly